**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4255** **09-08-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് മൂലം തൊഴിൽ മേഖലയിലെ പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ തൊഴിൽ മേഖലയെ കോവിഡ് മഹാമാരി എപ്രകാരം ബാധിച്ചു എന്ന് തൊഴിൽ വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (KILE) മുഖേന തൊഴിൽ നഷ്ടം സംബന്ധിച്ച് പഠനം നടത്തി വരുന്നു. |
| (ബി) | എങ്കിൽ കൂലിപ്പണിക്കാർ, തട്ടുകടക്കാർ, ഓട്ടോ-ടാക്സി, ലോട്ടറി മേഖലാ തൊഴിലാളികൾ ഉൾപ്പെടെ ഉപജീവനം മുട്ടിയതായി കണക്കാക്കിയവർ എത്ര എന്നും ഇവർക്ക് എന്തെല്ലാം സഹായങ്ങൾ നൽകി എന്നും ഇവരുടെ തൊഴിൽ മെച്ചപ്പെടുത്താൻ എന്തെല്ലാം തുടർ സഹായ പദ്ധതികൾക്ക് ലക്ഷ്യമിടുന്നു എന്നും വ്യക്തമാക്കുമോ? | (ബി) | ബി) കോവിഡ് -19 ന്റെ പശ്ചാത്തലത്തിൽ വകുപ്പിന്റെ പരിധിയിലുള്ള ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായിട്ടുള്ള എല്ലാ തൊഴിലാളികൾക്കും ഒന്നാം ഘട്ട ധനസഹായം നൽകുന്നതിനായി സർക്കാർ 357,38,97,840/- രൂപ അനുവദിച്ചു. ആയതിൽ 18,49,785/- തൊഴിലാളികൾക്കായി 187,22,54,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. രണ്ടാം ഘട്ട കോവിഡ് ധനസഹായ വിതരണത്തിനായി 210,32,98,000/- രൂപ അനുവദിച്ചിട്ടുള്ളതും ആയതിന്റെ വിതരണം നടന്നു വരുന്നതുമാകുന്നു. |

സെക്ഷൻ ഓഫീസർ